കാർഷിക മേഖലയിലെ ജനപങ്കാളിത്തം

18 (*438) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ ജനപങ്കാളിത്തം ഏതെല്ലാം സംരംഭങ്ങളിലാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) കാർഷികവൃത്തിയിൽ ജനങ്ങൾക്കുള്ള താൽപര്യം കുറഞ്ഞു വരികയാണെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കൂടുതൽ ജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :

(എ) ഉണ്ട്. വിജ്ഞാനവ്യാപന ശാക്തീകരണ പദ്ധതി പ്രകാരം കൃഷി ഭവനുകളുടെ പ്രവർത്തനം മെച്ചപ്പെട്ടതുവഴി കാർഷിക മേഖലയിൽ ജനപങ്കാളിത്തം വർദ്ധിച്ചിട്ടുണ്ട്. കാർഷിക വികസന സമിതികൾ, ഇന്റർഫെയ്സുകൾ, സെമിനാറുകൾ, അഗ്രോ ക്ലിനിക്കുകൾ, ആത്മ, നാട്ടുക്കൂട്ടം, കർഷക ദിനാചരണം, കർഷക അവാർഡുകൾ, കർഷക സംഗമങ്ങൾ എന്നിവ ജനപങ്കാളിത്തം ഏറെ ഉണ്ടായിട്ടുള്ള സംരംഭങ്ങളാണ്.

കാർഷിക മേഖലയിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പദ്ധതി ചെലവിന്റെ 90% കേന്ദ്ര സർക്കാർ വഹിക്കുന്ന പദ്ധതിയാണ് ആത്മ. കാർഷിക മേഖലയിലെ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് കാർഷികമേളകൾ, പ്രദർശനങ്ങൾ, കർഷകർക്കായി പരിശീലന പരിപാടികൾ, പ്രദർശന തോട്ടങ്ങൾ, കാർഷിക ഉൽപ്പാദന യൂണിറ്റുകളുടെ രൂപീകരണം, കർഷക ഗ്രൂപ്പുകൾക്കുള്ള അവാർഡുകൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ ഉപയോഗിച്ചുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, ശിൽപശാലകൾ, ബ്ലോക്ക് തലത്തിൽ അഡ്വൈസറി സെന്ററുകളുടെ രൂപീകരണം ഫാം സ്കൂൾ നടപ്പാക്കൽ എന്നിവയ്ക്കു വേണ്ടിയാണ് 90% സാമ്പത്തിക സഹായം ഉപയോഗിക്കുന്നത്. ക്ഷയിച്ചു വരുന്ന നമ്മുടെ കാർഷിക സംസ്കാരത്തിന് പുനർജീവൻ നൽകുന്നതിനും നാട്ടിൻപുറത്തെ കർഷകരിലും പൊതുജനങ്ങളിലും അവബോധം വളർത്തുന്നതിനും വേണ്ടി ജനപങ്കാളിത്തത്തോടെ സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്ന സംരംഭമാണ് നാട്ടുക്കൂട്ടം. കാർഷിക രംഗത്തെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തുതല കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

വികസന സമിതികൾ പുന:സംഘടിപ്പിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരുന്നു. കൂടാതെ കൃഷി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കൃഷി വകുപ്പ് നടപ്പിലാക്കുന്ന ജനോപകാരപ്രദമായ പദ്ധതികൾക്ക് ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാവശ്യമായ പബ്ലിസിറ്റി നൽകുന്നതിനും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ സഹായകരമാകുന്നു.

(ബി) കാർഷിക വൃത്തിയിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ഈ പ്രവർത്തനങ്ങൾ ഫലം കണ്ടിട്ടുണ്ട്. കാർഷിക പ്രവർത്തനത്തിൽ സ്ത്രീകളും കുട്ടികളുമടക്കം വലിയ ജന പങ്കാളിത്തം ഇപ്പോൾ ലഭിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനത്തെ കൂടുതൽ ജനങ്ങളെ കൃഷിയിലേയ്ക്കാകർഷിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമേ താഴെപ്പറയുന്ന പുതിയ പദ്ധതികളും കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു :

1. നെൽകൃഷിക്ക് സമ്പൂർണ്ണ ഇൻഷുറൻസ്
2. നാളികേര കർഷകർക്ക് പെൻഷൻ
3. വയനാട്ടിൽ കുരുമുളക് പുനരുദ്ധാരണ പദ്ധതി
4. ജൈവകൃഷി പ്രോത്സാഹനം
5. വനിതാ കർഷകർക്കുള്ള കാർഷിക പദ്ധതികൾ

സംസ്ഥാന കയർ കോർപ്പറേഷൻ പ്രവർത്തനങ്ങൾ

19 (*439) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. മുരളി :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കയർ വ്യവസായത്തിന്റെ വികസനത്തിനും നവീകരണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന കയർ കോർപ്പറേഷൻ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ഭാഗമായി കോർപ്പറേഷൻ ഒരു ബ്ലന്റ്ഡ് യാൺ ഫാക്ടറി, യന്ത്രത്തറി യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(ഡി) ഇവയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയും ;

LIBRARY ARCHIVES Kerala Legislative Assembly